ഖുത്വ്ബ
9.2.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അർറഹീം
# ചോദിക്കുന്നവർക്ക് മാത്രം നല്കുന്നവൻ

**വഇൻ തഉദ്ദു നിഅ്മത്തല്ലാഹി ലാ തുഹു സൂഹാ ഇന്നല്ലാഹ ലഗഫൂറുർറഹീം** (16:19)

കഴിഞ്ഞ ചില ഖുത്ബകളിൽ ഞാൻ അല്ലാഹുവിന്റെ, റഹ്മാൻ എന്ന മഹനീയ ഗുണത്തെക്കുറിച്ചാണ് പറഞ്ഞുവന്നത്. ഇന്ന് റഹീം എന്ന മഹനീയഗുണത്തെക്കുറിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്. വിശുദ്ധഖുർആനിലെ ആദ്യത്തെ അദ്ധ്യായമാണ് ഫാത്തിഹ എന്ന് നമുക്കെല്ലാവർക്കും അറിയാം. അത് ഓരോ നമസ്കാരത്തിലും ഓരോ റക്അത്തിലും നാം ഓതാറുള്ളതാണ്. ഇതിൽ മൂന്നാമതായി പറഞ്ഞിട്ടുള്ള അല്ലാഹുവിന്റെ മഹനീയഗുണമാണ് അർ റഹീം എന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

“മൂന്നാമത്തെ പദവിയിലുള്ള ഔദാര്യം അല്ലാഹുവിന്റെ മൂന്നാമത്തെ സവിശേഷഗുണമായ റഹീമിയ്യത്താകുന്നു. സൂറഃഫാത്തിഹായിൽ അർറഹീം എന്ന വാക്കിൽ അത് വിവരിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആന്റെ ശൈലിയുടെ അടിസ്ഥാനത്തിൽ, ജനങ്ങളുടെ പ്രാർത്ഥനയും കേഴലും സൽകർമ്മങ്ങളും സ്വീകരിച്ചുകൊണ്ട് വിപത്തുകളിൽനിന്നും നാശങ്ങളിൽനിന്നും വ്യർത്ഥമായ കർമ്മങ്ങളിൽനിന്നും അവരെ സുരക്ഷിതമാക്കി വെക്കുന്ന അവസ്ഥയ്ക്കാണ് അല്ലാഹുവിന്റെ റഹീമിയ്യത്ത് അഥവാ കരുണ എന്നു പറയുന്നത്.”

ഈ വാക്കിന്റെ, ഈ മഹനീയ ഗുണത്തിന്റെ വിശദീകരണത്തിൽ ചില ഉലമാക്കളും ഖുർആൻ വ്യാഖ്യാതാക്കളും ചെയ്തിട്ടുള്ള അർത്ഥം ഞാൻ ചുരുക്കിപ്പറയാം. അതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഇത് വിശദീകരിച്ചു പറയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾക്കുശേഷം നമുക്ക് ഒരു സർട്ടിഫിക്കറ്റിന്റേയും ആവശ്യമില്ല. എങ്കിലും ആ കാര്യങ്ങൾ പറയുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദീർഘദൃഷ്ടി- അതിന് അല്ലാഹുവിൽനിന്ന് നേരിട്ട് ഉൾക്കാഴ്ച നല്കപ്പെട്ടതാണ്- അദ്ദേഹത്തിന്റേതു മാത്രമാണെന്ന് മനസ്സിലാകും. കാരണം നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് ആഗതനായ മസീഹ് മഹ്ദിയും അവിടന്ന് തന്നെയാണ്. എന്തായാലും ആദ്യമായി മുൻകഴിഞ്ഞ ഉലമാക്കളുടെ വ്യാഖ്യാനം പറയാം. അത് ഈ പദത്തിന്റെമേൽ വെളിച്ചം വീശുന്നതാണ്.

മുഫ്റദാത്ത് ഇമാം റാഗിബിൽ എഴുതിയിരിക്കുന്നു: ഏതൊരുവന്റെ കരുണയാണോ ഏറ്റവും കൂടുതലുള്ളത് അവനെ അർറഹീം എന്നു പറയുന്നു.

അഖ്റബുൽ മവാരിദ് പറയുന്നു: അർറഹീം, കരുണ ചെയ്യുന്നവൻ. അപ്രകാരംതന്നെ ഇത് അല്ലാഹുവിന്റെ മനോഹരമായ നാമങ്ങളിൽപെട്ടതുമാണ്. വ്യാകരണപരമായി നോക്കുമ്പോൾ എല്ലായിടത്തും ഇങ്ങനെ കൂടിക്കലർന്നുകിടക്കുന്ന അർത്ഥമാണ് ലഭിക്കുന്നത്. അതുകൊണ്ട് തൽക്കാലം ഞാനത് മാറ്റിവെക്കുകയാണ്. ഇനി ഖുർആൻ വ്യാഖ്യാതാക്കൾ ഈ വാക്കിനെ സംബന്ധിച്ച് പറഞ്ഞതെന്താണെന്ന് നോക്കാം.

അബൂ അബ്ദുല്ലാ മുഹമ്മദ് ബിൻ അഹ്മദ് അൽ-അൻസാരി അൽ-ഖുർത്വബിയുടെ വ്യാഖ്യാനമാണ് തഫ്സീർ അൽ ജാമിഅ്. അദ്ദേഹം പറയുന്നു: അർറഹ്മാനോടൊപ്പം അർറഹീം എന്ന സിഫത്ത് കൊണ്ടുവന്നതിന്റെ യുക്തി വിവരിച്ചുകൊണ്ട് മുഹമ്മദ് ബിൻ യസീദ് പറയുന്നു: ഇത് ഒരനുഗ്രഹം സമ്മാനമായി തന്നതിനുശേഷമുള്ള മറ്റൊരു സമ്മാനമാണ്. അതായത്, ഒരു പാരിതോഷികത്തിനു ശേഷമുള്ള മറ്റൊരു പാരിതോഷികമാണ്. അല്ലാഹുവിന്റെ കരുണയെ പ്രതീക്ഷിച്ചിരിക്കുന്നവരുടെ പ്രതീക്ഷയെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണിത്. ഇത് പ്രതീക്ഷിച്ചിരിക്കുന്നവൻ ഒരിക്കലും നിരാശനാവാത്ത തരത്തിലുള്ള വാഗ്ദാനമാണിത്. അർറഹീം, പേരിന്റെ അടിസ്ഥാനത്തിൽ പൊതുവായിട്ടുള്ളതാണെന്നും അതിന്റെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായിട്ടുള്ളതാണെന്നും ഉലമാക്കൾ പറയുന്നു.

അബൂഅലി ഫാർസി, ‘റഹ്മാൻ’ എന്ന വിശേഷഗുണത്തെ കുറിച്ച് പറഞ്ഞതിനുശേഷം പറയുന്നു: റഹീം എന്ന വിശേഷണഗുണം സത്യവിശ്വാസി

കൾക്കു വേണ്ടിമാത്രം വരുന്നതാണ്. ഖുർആൻ പറയുന്നു: ***വ കാന ബിൽ മുഅ്മിനീനാ റഹീമാ*** അവൻ സത്യവിശ്വാസികളോട് അളവറ്റ കാരുണ്യം കാണിക്കുന്നവനാകുന്നു. (33:44)

അബ്ദുൽ മുൽക് അൽ- അർസമി പറയുന്നു: സിഫത്തെ റഹീം സത്യവിശ്വാസികൾക്ക് സന്മാർഗ്ഗം നൽകുന്നതിനും അവരോട് കാരുണ്യവും കൃപയും കാണിക്കുന്നതിനും വേണ്ടിയാണ് വരുന്നത്.

ഇബ്നുൽ മുബാറക് പറയുന്നു: "എപ്പോൾ ചോദിച്ചാലും കൊടുക്കുന്നവനാണ് അർറഹ്മാൻ. ചോദിച്ചില്ലെങ്കിൽ വെറുപ്പുണ്ടാകുന്നവനാണ് അർറഹീം. തിർമിദിയിൽ ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു. ***'മൻ ലംയദുല്ലാഹ സുബ്ഹാനഹു ഗളിബ അലൈഹിം*** അല്ലാഹുവിനോട് ദുആ ചെയ്യാത്തവന്റെമേൽ അവൻ കോപിക്കുന്നു.' ഒരു കവി ഈ വിഷയത്തെ തന്റെ വാക്കുകളിൽ വിവരിച്ചിരിക്കുന്നത്, അതിന്റെ സാരം ഇങ്ങനെയാണ്. "തന്നോട് ചോദിക്കുന്നതും യാചിക്കുന്നതും ഉപേക്ഷിക്കുകയാണെങ്കിൽ പിണങ്ങുന്നവനാണ് അല്ലാഹു. എന്നാൽ, ഇതിന്നെതിരിൽ ചില മനുഷ്യരോട് ചോദിക്കുകയാണെങ്കിൽ അവർ പിണങ്ങുന്നു." നോക്കുക, എന്തെങ്കിലും സാധനത്തിനായി ആരെങ്കിലും പിന്നാലെ കൂടിയാൽ അവസാനം ഗതിമുട്ടി അത് കൊടുക്കുമെങ്കിലും ഇനിയിത് ആവർത്തിക്കരുതെന്ന് പറഞ്ഞ് ശകാരിക്കുകയും ചെയ്യുന്നു. ഇതാണ് മനുഷ്യന്റെ അവസ്ഥ.

മഹ്ദി പറയുന്നു: "അല്ലാഹുതആല ബിസ്മില്ലാഹിർറഹ്മാനിർറഹിം എന്നതിൽ റഹീം എന്ന പദം കൊണ്ടുവന്നിട്ട് പറഞ്ഞിരിക്കുന്നു, നിങ്ങൾക്ക് റഹീം അതായത് മുഹമ്മദ് (സ)യുടെ മാധ്യസ്ഥത്തിലൂടെ മാത്രമേ, എന്നോളം എത്താൻ കഴിയുകയുള്ളൂ."

ഹദ്റത്ത് ഉസ്മാൻ(റ) പറയുന്നു: അദ്ദേഹം ചോദിച്ചപ്പോൾ റസൂൽ(സ) പറഞ്ഞു. "സൃഷ്ടികളിൽ ഓരോ സൽകർമ്മകാരിയോടും ദുഷ്കർമ്മകാരിയോടും ദയ കാണിക്കുന്നവൻ എന്നടിസ്ഥാനത്തിലാണ് അർറഹ്മാൻ. അർറഹീം എന്ന മഹനീയഗുണം സത്യവിശ്വാസികളോട് മാത്രം അലിവ് കാണിക്കുന്ന അടിസ്ഥാനത്തിലാണ്."

ചിലയിടങ്ങളിൽ റഹ്മാൻ എന്ന സിഫത്തിനെക്കുറിച്ചും ഞാൻ പറയുന്നതായിരിക്കും. കാരണം റഹ്മാൻ, റഹീം എന്നീ പദങ്ങളുടെ മൂലധാതു ഒന്നാണ്. അതുകൊണ്ട് താരതമ്യം ചെയ്യുന്നതിന് ഇത് ആവർത്തിക്കേണ്ടതായി വരും.

അല്ലാമാ റാസി(റഹ്) പറയുന്നു: "അർറഹ്മാൻ എന്ന നാമം അല്ലാഹുവിന് വേണ്ടിമാത്രമുള്ളതാണ്. അർറഹീം അല്ലാഹുവിനുവേണ്ടിയും അതിനു പുറമേയും പറഞ്ഞുവരുന്നു. പിന്നെങ്ങനെയാണ് അർറഹ്മാൻ ഉന്നതമാകുന്നതെന്നും ചെറുതിനെ കുറിച്ച് വലുതിന്റെ ശേഷം എന്തിനാണ് പറഞ്ഞിരിക്കുന്നതെന്നും ചോദിക്കുകയാണെങ്കിൽ അതായത്, റഹ്മാൻ പിന്നെ റഹീം, അതിന്റെ മറുപടി ഇതാണ്. ഏറ്റവും വലുതായിട്ടുള്ളതിനോട് നിസ്സാരമായ കാര്യങ്ങളൊന്നും ചോദിക്കുകയില്ല. ഒരു സംഭവം വിവരിക്കുന്നു, "ഏതോ ഒരാൾ ഒരു വലിയ ആളുടെ അടുക്കൽപോയി. ഞാനൊരു നിസ്സാരകാര്യത്തിനാണ് വന്നതെന്ന് പറഞ്ഞു. അപ്പോൾ ആ വലിയ ആൾ പറഞ്ഞു. നിസ്സാരകാര്യത്തിനായി നിസ്സാരനായ വ്യക്തിയുടെ അടുക്കൽ പോവുക." ഞാൻ റഹ്മാനാണെന്ന് അറിഞ്ഞുകൊണ്ട് നിങ്ങൾ റഹ്മാന്റെ സ്മരണയിൽ മാത്രം നില്ക്കുകയും എന്നോട് ചോദിക്കുന്നതിന് ലജ്ജിക്കുകയും മടിക്കുകയും നിസ്സാരമായ ആവശ്യങ്ങൾ ചോദിക്കുന്നതിന് അലസത കാണിക്കുകയും ചെയ്താൽ (അത് ശരിയല്ല) കാരണം ഞാൻ റഹീമുമാണെന്ന് അല്ലാഹു പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങളെന്നോട് വലിയ വലിയ കാര്യങ്ങൾ ചോദിക്കുന്നതുപോലെ ചെറിയ കാര്യങ്ങളും ചോദിക്കണം. അതുകൊണ്ട് ചെരിപ്പിന്റെ വാറുപോലും നിങ്ങളെന്നോട് ചോദിക്കുക. കറിക്കുള്ള ഉപ്പും എന്നോട് ചോദിക്കുക.

അല്ലാമാ റാസി പറയുന്നു: "അവൻ റഹ്മാനാണ്. മനുഷ്യർക്ക് സൃഷ്ടിക്കാൻ കഴിയാത്തത് അവൻ സൃഷ്ടിക്കുന്നു. അവൻ റഹീമാണ്. മനുഷ്യന് ചെയ്യാൻ കഴിയാത്ത കർമ്മങ്ങൾ അവൻ ചെയ്യുന്നു. അവൻ പറയുന്നു: ഞാൻ റഹ്മാനാണ്. നിങ്ങൾ ഒരു നിസ്സാരമായ രേതസ്കണം എന്നെ ഏൽപിക്കുന്നു. ഞാനതിനെ നിങ്ങൾക്ക് ഏറ്റവും മനോഹരമായ രൂപവും ആകൃതിയും നൽകി തിരിച്ചുനല്കുന്നു. അപ്രകാരംതന്നെ ഞാൻ റഹീമുമാണ്. നിങ്ങൾ ന്യൂനതയുള്ള സാധനങ്ങൾ എനിക്ക് തരുന്നു. എന്നാൽ ഞാൻ നിങ്ങൾക്ക് എന്റെ പ്രത്യേക സ്വർഗ്ഗം നൽകുന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'റഹീമിയ്യത്ത്' അതിന്റെ അനുഗ്രഹം നല്കുന്നതിനായി നിലവിലുള്ള ബുദ്ധിമാന്മാരുടെ വായിൽ നിന്നും താനൊന്നുമല്ലെന്നുള്ള ഏറ്റുപറയൽ ആവശ്യപ്പെടുന്നു. അതിന് മനുഷ്യകുലവുമായിട്ട് മാത്രമാണ് ബന്ധം. അതായത്, ഈ മഹനീയഗുണ

ത്തിൽനിന്ന് അനുഗ്രഹം തേടണമെങ്കിൽ ബുദ്ധിയും വിവേകവുമുള്ള ഓരോ മനുഷ്യനും തന്റെ വിന യവും വണക്കവും വർദ്ധിപ്പിക്കണം. പ്രാർത്ഥനയി ലേക്കും യാചനയിലേക്കും ശ്രദ്ധിക്കണം. അപ്പോ ഴാണ് അനുഗ്രഹം ലഭിക്കുന്നത്. അഹങ്കാരവും അഹം ഭാവവും ഉള്ളിൽനിന്ന് പുറത്തുകളയുകയാണെങ്കിൽ റഹീമിയ്യത്ത് എന്ന ഗുണത്തിൽ നിന്ന് അനുഗ്രഹം പ്രാപിക്കും. അതായത്, സൽകർമ്മങ്ങളുണ്ടെങ്കിൽ അനുഗ്രഹത്തിൽ ഭാഗഭാക്കാകും. എന്തെങ്കിലും തര ത്തിലുള്ള പൊങ്ങച്ചമുണ്ടെങ്കിൽ അല്ലാഹുവിന്റെ സന്നിധിയിൽ വിനയത്തോടെ ഹാജരാകാൻ സാധി ക്കുകയില്ല. അതാണെങ്കിൽ അവന്റെ യഥാർത്ഥ ദാസ രായിത്തീരാൻ നിർബന്ധമാണുതാനും.

"അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാ കാനുള്ള ആവിശ്യം, നമ്മോട് പറയുന്നത് മനുഷ്യൻ, തന്നെ താനൊന്നുമല്ലായെന്ന് മനസ്സിലാക്കണമെ ന്നാണ്. താനെന്തൊക്കെയോ ആണെന്ന് കരുതാൻ പാടില്ല." വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറ യുന്നു. "അർ റഹീം, അതായത്, ആ അല്ലാഹു സൽകർമ്മങ്ങൾക്ക് സൽഫലം നൽകുന്നു. ആരു ടേയും അധ്വാനത്തെ നഷ്ടപ്പെടുത്തുകയില്ല. ഈ പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണ് അവൻ റഹീം എന്നു പറയപ്പെടുന്നത്. ഇത് സിഫത്തെ റഹീമിയ്യത്ത് എന്ന പേരിൽ അറിയപ്പെടുന്നു."

ആദ്യം ഞാൻ വായിച്ച രണ്ട് ഉദ്ധരണികളു ടേയും കൂടുതൽ വിശദീകരണം ഈ ഉദ്ധരണിയി ലൂടെ വെളിവാകുന്നുണ്ട്. പറയുന്നു: റഹ്മാനിയ്യത്ത് എന്ന സവിശേഷഗുണത്തിന്റെ അനുഗ്രഹങ്ങളാൽ പ്രത്യേകപ്പെടുത്തിയിട്ടുള്ള ദൈവികാനുഗ്രഹമാണ് റഹീമിയ്യത്ത്. ഈ അനുഗ്രഹത്തിന്റെ പ്രവഹിക്കൽ, മനുഷ്യകുലത്തിന്റെ പരിപൂർണ്ണതയ്ക്കും മനുഷ്യസ്വ ഭാവത്തെ അതിന്റെ ഏറ്റവും ഉന്നതമായ നിലവരെ എത്തിക്കുന്നതിനും വേണ്ടി പ്രത്യേകപ്പെടുത്തിയിരി ക്കുന്നു. പക്ഷേ, ഇത് കരസ്ഥമാക്കുന്നതിനായി പരി ശ്രമിക്കേണ്ടതും സൽകർമ്മങ്ങൾ ചെയ്യേണ്ടതും ശരീ രേച്ഛകളെ ഉപേക്ഷിക്കേണ്ടതും നിബന്ധനയാണ്. കർമ്മങ്ങൾ ചെയ്യുന്നതിന് പൂർണ്ണമായും ശ്രമിക്കു കയും, ആത്മാവിനെ പരിശുദ്ധമാക്കുകയും, നാട്യത്തെ പരിപൂർണ്ണമായി ഉപേക്ഷിക്കുകയും സമ്പൂർണ്ണമായ ആത്മാർത്ഥതയും പവിത്രമായ ഹൃദ യവും ലഭിക്കാതിരിക്കുകയും, പ്രതാപവാനായ അല്ലാ ഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിനുവേണ്ടി മരണം വരിക്കാതിരിക്കുകയും ചെയ്യുവോളം ഈ റഹ്മത്ത് തികവുറ്റ നിലയിൽ ഇറങ്ങുകയില്ല. ഈ അനുഗ്രഹങ്ങളിൽനിന്ന് ഓഹരി ലഭിച്ചവർ ഭാഗ്യവാ ന്മാരാണ്. എന്നല്ല, അവരാണ് യഥാർത്ഥ മനുഷ്യർ. മറ്റുള്ളവർ മൃഗങ്ങൾക്ക് സമാനരാണ്." അതായത് മൃഗങ്ങളെ പോലെതന്നെയാണ്.

ഈ വിശദീകരണത്തിൽനിന്ന് മനസ്സിലായത് ഈ മഹനീയഗുണം മനുഷ്യന്റെ സ്വഭാവത്തെ അതിന്റെ ഉന്നതിവരെ എത്തിക്കുന്നു എന്നതാണ്. ഉന്ന തിപ്രാപിക്കുന്നവർ ആരാണ്. ഇതിനെക്കുറിച്ചും അല്ലാഹു നമുക്ക് സൂറ ഫാത്തിഹായിൽ ദുആ പഠി പ്പിച്ചു. അതായത്, ആ ആത്മീയോന്നതി പ്രാപിച്ചവ രിൽ നീ ഞങ്ങളേയും ഉൾപ്പെടുത്തേണമേ. അവർ ആരായിരുന്നു? അവർ അല്ലാഹുവിന്റെ അനുഗ്രഹ ങ്ങൾക്ക് പാത്രീഭൂതരായവരായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബ ന്ധമായി പറയുന്നു: "നാലാമത്തെ സമുദ്രം അർറഹീം എന്ന മഹനീയ ഗുണമാണ്. ഇതിൽനിന്ന് ***സിറാത്ത ല്ലദീന അൻഅംത അലയ്ഹിം*** എന്ന വാക്യം പ്രവ ഹിക്കുന്നു. പ്രത്യേകമായി അനുഗ്രഹത്തിന് പാത്രീ ഭൂതരായവരിൽ മനുഷ്യൻ പങ്കുചേരുന്നതിനുവേണ്ടി. കാരണം റഹീമിയ്യത്ത് എന്ന മഹനീയഗുണം പ്രത്യേക അനുഗ്രഹങ്ങൾ വരെ കൊണ്ടെത്തിക്കുന്നു. റഹ്മാ നിയ്യത്ത് എന്ന ഗുണത്തിൽ അനുസരണശാലികളായ ആളുകൾ മാത്രമല്ല പങ്കാളികളാവുന്നത് മറിച്ച്, അല്ലാ ഹുവിന്റെ പൊതുവായിട്ടുള്ള സമ്മാനം മനുഷ്യനിൽ തുടങ്ങി പാമ്പുകളേയും പെരുമ്പാമ്പുകളേയുമെല്ലാം അതിന്റെ വലയത്തിൽ എടുത്തിരിക്കുകയാണ്.

റഹീം എന്ന മഹനീയഗുണം കാരണത്താൽ അനുഗ്രഹം ലഭിക്കുന്നു. ഈ അനുഗ്രഹത്തിന് പാത്രീ ഭൂതരായവരുടെ നിർവചനം അല്ലാഹു നൽകിയിരി ക്കുന്നത് ഇങ്ങനെയാണ്.

وَمَنْ يُطِعِ اللّٰهَ وَالرَّسُولَ فَأُولٰٓئِكَ مَعَ الَّذِينَ أَنْعَمَ اللّٰهُ عَلَيْهِمْ مِنَ النَّبِيِّينَ وَالصِّدِّيقِينَ وَالشُّهَدَآءِ وَالصّٰلِحِينَ ۚ وَحَسُنَ أُولٰٓئِكَ رَفِيقًا ۝

"വല്ലവരും അല്ലാഹുവിനേയും ഈ റസൂലി നേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള നബിമാർ, സിദ്ദീഖുകൾ, ശഹീ ദുകൾ, സാലിഹുകൾ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഇവരാണ് ഏറ്റവും വലിയ കൂട്ടു കാർ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതു പോലെ റഹീമിയ്യത്തിൽനിന്നുള്ള അനുഗ്രഹം ചില

കർമ്മങ്ങൾ നമ്മളിൽനിന്ന് ആവശ്യപ്പെടുന്നുണ്ട്. ഇതിൽ അടിസ്ഥാനപരമായ കാര്യം അല്ലാഹുവി നേയും റസൂലിനേയും തികവാർന്ന നിലയിൽ അനു സരിക്കുക എന്നതാണ്. അപ്പോഴാണ് അനുഗ്രഹ ത്തിന് പാത്രീഭൂതരായവർ ആയിത്തീരുക. ആരാധ നയുടെ നിലയും മെച്ചപ്പെടുത്തേണ്ടത് അത്യന്താപേ ക്ഷിതമാണ്. മറ്റൊന്ന് സൽകർമ്മങ്ങൾ ചെയ്യേണ്ടതും അങ്ങേയറ്റം നിർബന്ധമാണ്. ഇതിന്റെ വിശദീകരണ മാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയത്. ഇതിൽ ഇന്ദ്രിയാശകളെ തികച്ചും കൈവെടിയണ മെന്ന് പറഞ്ഞിരിക്കുന്നു. ഓരോ കർമ്മവും അല്ലാ ഹുവിന്റെ തൃപ്തിക്കുവേണ്ടി ചെയ്യണമെന്ന് പറഞ്ഞി രിക്കുന്നു. ഇതിലൊരിക്കലും സ്വാർത്ഥത ഉണ്ടാകാൻ പാടില്ല. ഇത് അത്ര എളുപ്പമുള്ള കാര്യമില്ല. ആത്മ ത്യാഗ ഘട്ടത്തിൽ വളരെ പ്രയാസമുള്ള ജോലിയാ ണിത്. എന്നാൽ, വികാരാവേശങ്ങളെ ചവിട്ടിമെതി ച്ചിടാതെകണ്ട് അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് പൂർണ്ണമായ ഓഹരി ലഭിക്കുകയില്ല. അങ്ങനെയാ യാൽ പൂർണ്ണമായ നിലയിൽ അതിറങ്ങുകയില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അതു കൊണ്ട് ദുആ സ്വീകരിക്കാനും അല്ലാഹുവിന്റെ റഹീ മിയ്യത്തിൽ പങ്കാളികളാകാനും സ്വന്തം ആത്മാവിനെ പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ കർമ്മങ്ങൾ എത്രത്തോളം നല്ലതാണെന്നും അല്ലാഹു വിനോടുള്ള കടമയും അവന്റെ സൃഷ്ടികളോടുള്ള കടമയും എത്രത്തോളം നാം നിറവേറ്റുന്നുണ്ടെന്നും അതിനുവേണ്ടി നമ്മുടെ ആഗ്രഹങ്ങളേയും ഇച്ഛക ളേയും എത്രത്തോളം ചവിട്ടിമെതിച്ചുകളയുന്നു ണ്ടെന്നും നാം നോക്കേണ്ടതാണ്. ഇങ്ങനെ ചെയ്യു ന്നില്ലെങ്കിൽ നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ മാത്രം കുനിയുന്നവരാണെന്നും അവനോട് മാത്രം ചോദി ക്കുന്നവരാണെന്നുമുള്ള വാദം പൊള്ളയാണ്.

അതിനാൽ, ഇതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ തികഞ്ഞ പരിശ്ര മവും കഠിനാദ്ധ്വാനവും ആവശ്യമുണ്ട്. ഒരു ജിഹാദ് തന്നെ അതിനുവേണം. എങ്കിൽ മാത്രമേ ആത്മാവ് പൂർണ്ണനിലയിൽ പരിശുദ്ധമാകുകയുള്ളൂ. നാട്യപ്ര കടനങ്ങളിൽ നിന്ന് പൂർണ്ണമായും നമ്മുടെ ഹൃദയം പവിത്രമാകുകയുള്ളൂ. നമ്മുടെ ഹൃദയം പ്രതാപവാ നായ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതും അപ്പോഴായിരിക്കും. ഈ അവസ്ഥയുണ്ടായിക്കഴി ഞ്ഞാൽ അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അവൻ പറഞ്ഞ ആ കൂട്ടരിൽ നമ്മെ ഉൾപ്പെടുത്തുന്നതാണ്. അതായത്, നബിമാരുടേയും സിദ്ദീഖുകളുടേയും ശഹീദുകളുടേയും സ്വാലിഹുകളുടേയും കൂട്ടത്തിൽ.
അത് പിന്നീട് പ്രാവർത്തികമായ നിലയിൽ നമ്മുടെ ജീവിതത്തിൽ നാം കാണുമാറാകും. ***വ ഇൻ തഉദ്ദു നിഅ്മത്തല്ലാഹി ലാ തുഹ്സൂഹാ*** (അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണി കണക്കാക്കുന്ന പക്ഷം അത് എണ്ണിത്തിട്ടപ്പെടുത്താൻ നിങ്ങൾക്ക് സാധ്യമല്ല) എന്ന വാഗ്ദാനം പുലർന്നുകാണുകയും ചെയ്യും.

അതിനാൽ ഈ അനുഗ്രഹം കരസ്ഥമാക്കുന്ന തിനും അവന്റെ റഹീമിയ്യത്തിൽനിന്ന് ഓഹരി പ്രാപി ക്കുന്നതിനുമായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് നമുക്ക് നമ്മുടെ കർമ്മങ്ങളും ശരിയാക്കേണ്ടിവരും. എങ്കിൽ മാത്രമേ ഈ സിഫത്തിൽനിന്ന് ഫലമെടു ക്കാൻ കഴിയൂ. അല്ലാഹുവിന്റെ അനുഗ്രഹം എല്ലാത്തിന്റെ മീതെയുമുണ്ട്. ഒന്നും അതിന് വെളി യിലില്ല. പക്ഷേ, അതെല്ലാം റഹ്മാനിയ്യത്ത് എന്ന മഹ നീയഗുണത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ, റഹീമിയ്യത്ത് എന്ന ഗുണത്തിൽനിന്ന് ഓഹരിയെടു ത്തുകൊണ്ട് അല്ലാഹുവിന്റെ ഒരു ദാസൻ അല്ലാഹു വിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുന്നവ നായിത്തീരുന്നു. ഇക്കാലഘട്ടത്തിൽ അവൻ നമുക്ക് മസീഹിനേയും മഹ്ദിയേയും വിശ്വസിക്കാനുള്ള ഭാഗ്യം നൽകിയെന്നത് അവന്റെ എത്രവലിയ ഔദാ ര്യമാണ്. മറ്റുള്ളവർ ഇക്കാര്യത്തെ നിഷേധിക്കുന്ന വരാണ്. ഒരുവിധത്തിൽ പറഞ്ഞാൽ അല്ലാഹുവിൽ നിന്ന് റഹ്മാനിയ്യത്ത് എന്ന മഹനീയഗുണംമൂലമു ണ്ടാകുന്ന അനുഗ്രഹങ്ങളെത്തന്നെയാണ് അവർ നിഷേധിക്കുന്നത്. ഹദ്റത്ത് നബി(സ) യുടെ പ്രകാ ശത്താൽ, പ്രകാശിക്കുന്ന ചന്ദ്രനെ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു നിയോ ഗിച്ചയച്ചു. ആ മഹാത്മാവിനെ വിശ്വസിക്കുന്നതിനു പകരം മറ്റുള്ള പീർമാരുടേയും ഫഖീർമാരുടേയും അടുക്കൽ അവർ പോകുന്നു. ഇക്കാരണത്താൽ അവർ അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും മികച്ചുകൊണ്ടിരിക്കുന്നു. അവർക്ക് കിട്ടിയ വെളിച്ചം അണഞ്ഞുകൊണ്ടേ പോകുന്നു.

അതുകൊണ്ട് ഇക്കാലഘട്ടത്തിൽ ഒരു അഹ്മദി, ആ റഹീമായ അല്ലാഹുവിന്റെ റഹീമിയ്യ ത്തിൽനിന്ന് ഓഹരിയെടുക്കാൻ അല്ലാഹു അവന്റെ റഹ്മാനിയ്യത്തിന്റെ ദാനത്താൽ അഹ്മദി വീടുകളിൽ തങ്ങളെ സൃഷ്ടിച്ചുവെന്ന കാര്യത്തിലും ചിന്തിക്കേ ണ്ടതാണ്. അല്ലെങ്കിൽ പുതിയതായി വന്നിട്ടുള്ളവർ, അവരുടെ ദുആകൾ സ്വീകരിച്ചുകൊണ്ട് തന്റെ റഹീ മിയ്യത്തിന്റെ ദാനത്താൽ അഹ്മദിയ്യത്ത് സ്വീകരി ക്കാൻ ഭാഗ്യം നൽകിയതിൽ ചിന്തിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ നമുക്ക് ഭാഗ്യം കിട്ടി. ഈ ഫള്ലും നിഅ്മത്തും നമ്മോട് വിളിച്ചോതുന്നത് നാം നന്ദി പ്രകടിപ്പിക്കുകയും അല്ലാഹുവിനേയും അവന്റെ റസൂലിനേയും പൂർണ്ണമായും അനുസരിക്കുകയും ചെയ്യണമെന്നാണ്. സൽകർമ്മങ്ങൾ ചെയ്യുകയും എപ്പോഴും പൊറുക്കലിനെ തേടിക്കൊണ്ടിരിക്കുകയും ഭൗതികവും ആത്മീയവുമായ എല്ലാ അനുഗ്രഹങ്ങളേയും നമ്മുടെ മുമ്പിൽ വെക്കുകയും ചെയ്യുക എന്നതാണ്. നമ്മളിൽ ചെയ്തിട്ടില്ലാത്ത എന്തെങ്കിലും അനുഗ്രഹമുണ്ടോ എന്ന് പരിശോധിച്ചുനോക്കുക. എല്ലാത്തരം അനുഗ്രഹങ്ങളും അവൻ നമുക്ക് നൽകിയിട്ടുണ്ട്. തന്നിൽനിന്ന് പൊറുക്കലിനെ തേടാനുള്ള വഴിയും കാണിച്ചുതന്നു. നന്മയിൽ നിലനില്ക്കുന്നതിനും അതിന്റെ നില മെച്ചപ്പെടുത്തുന്നതിനും പൊറുക്കലിനെ തേടേണ്ടത്, ഇസ്തിഗ്ഫാർ ചെയ്യേണ്ടത് വളരെ നിർബന്ധമാണ്. അല്ലാഹുവിന്റെ അനുഗ്രഹം കാരണത്താൽ അറിവിലും ജ്ഞാനത്തിലും നന്മയിലും ആത്മീയതയിലും അഭിവൃദ്ധിയുണ്ടാകാൻ വിനയത്തിന്റെ പ്രകടനവും ഇസ്തിഗ്ഫാറും വളരെ ആവശ്യമാണ്. അല്ലെങ്കിൽ അഹങ്കാരത്തിന്റെ 'ഖന്നാസ്' നല്ലവരായ ആളുകളെ നാശത്തിലേക്ക് കൊണ്ടുപോകും. ഉയർന്നുയർന്നു മുകളിലെത്തിയതിനുശേഷം താഴേക്ക് വീഴാൻ തുടങ്ങും. അപ്പോൾ ചെയ്യുന്ന നന്മകളും അറിവും ഒരു പ്രയോജനവും ചെയ്യുകയില്ല. അതുകൊണ്ട് റഹീമായ അല്ലാഹുവിന്റെ റഹീമിയ്യത്തോടുകൂടി ഇസ്തിഗ്ഫാർ വളരെ ആവശ്യമാണ്. വിശുദ്ധഖുർആനിൽ അല്ലാഹു റഹീം എന്ന വാക്കുപയോഗിച്ചപ്പോൾ മിക്ക സ്ഥലത്തും ഗഫൂർ എന്ന സിഫത്ത് അതിന്റെ കൂടെ ചേർത്ത് പറഞ്ഞിരിക്കുന്നു. സിഫത്തെ റഹീമിൽനിന്നും ഫലമെടുക്കുന്നതിനായി സൽകർമ്മങ്ങളും ഇസ്തിഗ്ഫാറും അങ്ങേയറ്റം അടിസ്ഥാനപരമായ കാര്യങ്ങളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "റഹീമിയ്യത്തിന്റെ ഒരു പ്രത്യേകത, ന്യൂനതകൾ മറച്ചുവെക്കുക എന്നതുമാണ്. എന്നാൽ ആ മറച്ചുവെക്കുന്നതിനു മുമ്പേ എന്തെങ്കിലും കർമ്മം ഉണ്ടാകേണ്ടത് അനിവാര്യമാണ്. ആ കർമ്മത്തിൽ എന്തെങ്കിലും കുറവുണ്ടായാൽ അല്ലാഹു തന്റെ റഹീമിയ്യത്ത് കൊണ്ട് ആ കുറവ് മറച്ചുവെക്കുന്നു.

റഹ്മാനിയ്യത്തും റഹീമിയ്യത്തും തമ്മിലുള്ള വ്യത്യാസം റഹ്മാനിയ്യത്തിൽ കർമ്മത്തിനും പ്രവൃത്തിക്കും ഒരു പങ്കുമില്ല. എന്നാൽ, റഹീമിയ്യത്തിൽ കർമ്മത്തിനും പ്രവൃത്തിക്കും പങ്കുണ്ട് എന്നതാണ്. അതായത് ബലഹീനതകളുണ്ടായാൽ അപ്പോൾ അതിനെ അല്ലാഹുവിന്റെ കരുണ മറച്ചുവെക്കാൻ ആഗ്രഹിക്കുന്നു."

ഇതിൽനിന്ന് കാര്യങ്ങൾ കൂടുതൽ വ്യക്തമായി. സിഫത്ത് റഹീമിയ്യത്തിനോടൊപ്പം എന്തിനാണ് അല്ലാഹു ഗഫൂർ എന്ന സിഫത്തിനെ വെച്ചിട്ടുള്ളത്. അല്ലാഹു തന്റെ കരുണ കാരണത്താൽ മനുഷ്യനെ മഗ്ഫിറത്തിന്റെ പുതപ്പിൽ പൊതിഞ്ഞ് അവന്റെ ന്യൂനതകൾ മറച്ചുവെക്കാൻ വേണ്ടിയാണിത്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഏതെങ്കിലും കർമ്മമുണ്ടാകേണ്ടത് നിർബന്ധമാണ്. കർമ്മങ്ങളൊന്നും ചെയ്യാതെ അല്ലാഹു ന്യൂനതകൾ മറച്ചുവെക്കണമെന്ന ധാരണ ശരിയല്ല. അതുപോലെ തന്നെ തിന്മ ചെയ്താൽ അതിൽതന്നെ വാശിയോടെ നില്ക്കാനും പാടില്ല. എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ പൊറുക്കലിനെ തേടണം; അല്ലാഹുവിന്റെ മഗ്ഫിറത്ത് ഒപ്പം ഉണ്ടാകുന്നതിനായി പശ്ചാത്തപിച്ചുമടങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു പറയുന്നു.

كَتَبَ رَبُّكُمْ عَلٰى نَفْسِهِ الرَّحْمَةَ ۙ اَنَّهٗ مَنْ
عَمِلَ مِنْكُمْ سُوْٓءًۢا بِجَهَالَةٍ ثُمَّ تَابَ مِنْۢ بَعْدِهٖ
وَاَصْلَحَ فَاَنَّهٗ غَفُوْرٌ رَّحِيْمٌ ﴿۵۵﴾

നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാധ്യതയാക്കി വെച്ചിരിക്കുന്നുവെന്ന് പറയുക. അതായത്, നിങ്ങളിൽനിന്ന് ആരെങ്കിലും അജ്ഞത നിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് അതിനുശേഷം പശ്ചാത്തപിച്ച് മടങ്ങുകയും സ്വയം തിരുത്തിനന്നാക്കുകയും ചെയ്യുന്നതായാൽ (അവൻ പൊറുത്തുതരും.) അവൻ സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (6:55)

ഒരുദാഹരണം ഞാൻ മുമ്പേ പറഞ്ഞിരുന്നു. നൂറുപേരെ കൊന്ന ഒരാളുടെ സംഭവം. അതായത്, അല്ലാഹു പൊറുക്കുന്നവനാണ്. പക്ഷേ, മനുഷ്യൻ പശ്ചാത്തപിച്ചു മടങ്ങേണ്ടതുണ്ട്. അയാൾക്ക് തൗബാ ചെയ്യണമെന്ന് തോന്നി. അയാൾ നന്മ ചെയ്യാൻ തുടങ്ങി. അങ്ങനെ അല്ലാഹു അയാൾക്ക് പൊറുത്തുകൊടുത്തു.

അതുകൊണ്ട് റഹീമിയ്യത്ത് എന്ന സിഫത്തിൽ നിന്ന് കൂടുതൽ ഫലമെടുക്കാൻ തൗബാ ചെയ്തും സൽകർമ്മങ്ങൾ ചെയ്തും അവന്റെ മുമ്പിൽ കുനിയേണ്ടത് അങ്ങേയറ്റം അത്യാവശ്യമാണ്. ദുആയുടെ തത്ത്വവും റഹീമിയ്യത്തുമായുള്ള ബന്ധവും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"രണ്ടാമത്തെ കരുണ റഹീമിയത്തിന്റേതാണ്. അതായത് നമ്മൾ ദുആ ചെയ്യുമ്പോൾ അല്ലാഹു അത് സ്വീകരിച്ചുകൊണ്ട് നമുക്ക് അത് നൽകുന്നു. ചിന്തിച്ചാൽ മനസ്സിലാകും പ്രകൃതി നിയമത്തിന് എപ്പോഴും പ്രാർത്ഥനയുമായി ബന്ധമുണ്ടെന്ന്. ചിലയാളുകൾ ഈയിടെയായി ഇതിനെ അനാചാരമായി മനസ്സിലാക്കുന്നു. എന്നാൽ, നമ്മുടെ ദുആയുടെ ബന്ധം അല്ലാഹുവുമായിട്ടാണ്. അത് വിവരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഒരു കുഞ്ഞ് വിശന്നുവലഞ്ഞ് പാലിനുവേണ്ടി നിലവിളിക്കുകയും മുറവിളികൂട്ടുകയും ചെയ്യുമ്പോൾ മാതാവിന്റെ മാറിടത്തിൽ പാല് അലയടിക്കാൻ തുടങ്ങുന്നു. കുഞ്ഞിന് പ്രാർത്ഥനയുടെ പേരുപോലും അറിയില്ല. പക്ഷേ, ആ കുഞ്ഞിന്റെ മുറവിളി പാലിനെ വലിച്ചുകൊണ്ടുവരികയാണ്. ഇത് ഓരോരുത്തർക്കും അനുഭവവേദ്യമാണ്. ചിലപ്പോൾ കുട്ടിക്ക് പാല് കൊടുക്കണമെന്ന വിചാരമേ മാതാവിന് ഉണ്ടാകുകയില്ല. എന്നാൽ, കുഞ്ഞിന്റെ മുറവിളിയാണ് ആ പാലിനെ വലിച്ചുകൊണ്ടുവരുന്നത്. ഇങ്ങനെ വരുമ്പോൾ അല്ലാഹുവിന്റെ തിരുസന്നിധിയിലുള്ള നമ്മുടെ മുറവിളിക്ക് ഒന്നും വലിച്ചുകൊണ്ടുവരൻ സാധിക്കുകയില്ലേ? അങ്ങനെയല്ല. എല്ലാം വലിച്ചുകൊണ്ടുവരുന്നു. എന്നാൽ, മതപണ്ഡിതന്മാരും തത്ത്വചിന്തകന്മാരുമായിട്ടിരിക്കുന്ന കണ്ണിൽ ഇരുട്ടു ബാധിച്ചവർക്ക് ഇത് കാണാൻ കഴിയുകയില്ല. കുട്ടികൾക്കുള്ള ബന്ധം മാതാവുമായിട്ടാണ്. ഈ ബന്ധവും അടുപ്പവും മനുഷ്യൻ ഓർത്തുകൊണ്ട് പ്രാർത്ഥനയുടെ തത്ത്വത്തിൽ ചിന്തിക്കുകയാണെങ്കിൽ അത് വളരെ എളുപ്പമായിട്ട് മനസ്സിലാകുന്നതാണ്. മറ്റൊരുതരത്തിലുള്ള കരുണ നമുക്ക് ഇങ്ങനേയും പാഠം നല്കുന്നു. അതായത്, ചോദിച്ചതിനുശേഷം ഉണ്ടാകുന്നതാണ് ഒരു കരുണ. ചോദിച്ചുകൊണ്ടേയിരുന്നാൽ കിട്ടിക്കൊണ്ടേയിരിക്കും. ***ഉദ്ഊനി അസ്തജിബ് ലക്കും*** ഇത് പൊങ്ങച്ചം പറച്ചിലല്ല. മറിച്ച്, ഇത് മനുഷ്യൻ നിർബന്ധമായും ചെയ്യേണ്ടതാണ്. ചോദിക്കുക മനുഷ്യന്റെ പ്രത്യേകതയാണ്; സ്വീകരിക്കുക അല്ലാഹുവിന്റേതും. മനസ്സിലാക്കുകയും ചോദിക്കുകയും ചെയ്യാത്തവർ വ്യാജരാണ്. ഞാൻ പറഞ്ഞ കുട്ടിയുടെ ഉദാഹരണം ദുആയുടെ തത്ത്വത്തെ സരളമായി നമുക്ക് കാണിച്ചുതരുന്നു. റഹ്മാനിയ്യത്തും റഹീമിയ്യത്തും രണ്ടല്ല. ആരാണോ ഒന്നിനെ വിട്ടുകൊണ്ട് മറ്റൊന്നിനെ ആഗ്രഹിക്കുന്നത് അവന് ഒന്നും കിട്ടുകയില്ല. റഹ്മാനിയ്യത്ത് ആഗ്രഹിക്കുന്നത് നമ്മളിൽ റഹീമിയ്യത്തിൽനിന്ന് ഫലമെടുക്കാനുള്ള ശക്തിയുണ്ടാക്കുക എന്നതാണ്. അങ്ങനെ ചെയ്യാത്തവൻ അനുഗ്രഹത്തെ നിഷേധിക്കുന്നവനാണ്." അതായത്, റഹ്മാനിയ്യത്ത് എന്ന മഹനീയഗുണമനുസരിച്ച് അല്ലാഹു നമുക്ക് നല്കിയിരിക്കുന്ന ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾക്ക് നമ്മൾ നന്ദി കാണിക്കണം. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നമുക്ക് എണ്ണിക്കണക്കാൻ സാധ്യമല്ല. അത് അത്രമാത്രം അധികമാണ്.

അതുകൊണ്ട് റഹ്മാനിയ്യത്ത് എന്ന മഹനീയഗുണമനുസരിച്ച് അല്ലാഹു നൽകിയിരിക്കുന്ന അനുഗ്രങ്ങൾ, അവന്റെ റഹീമിയ്യത്ത് എന്ന മഹനീയഗുണമനുസരിച്ച് കൂടുതൽ ലഭിക്കാൻ അവന്റെ തിരുസന്നിധിയിൽ ദുആ ചെയ്യുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ആരാധനാകർമ്മങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഈ ഔദാര്യം മറ്റു വാക്കുകളിൽ 'പ്രത്യേകമായ അനുഗ്രഹം' എന്നു വിളിക്കപ്പെടുന്നു. അത് മനുഷ്യകുലത്തിന് വേണ്ടിമാത്രം പ്രത്യേകമാക്കപ്പെട്ടതാണ്. മറ്റു വസ്തുക്കൾക്ക് ദുആ ചെയ്യാനും യാചിക്കാനും സൽകർമ്മങ്ങൾ ചെയ്യാനുമുള്ള കഴിവ് അല്ലാഹു നൽകിയില്ല. എന്നാൽ, മനുഷ്യന് അത് നൽകിയിരിക്കുന്നു. മനുഷ്യൻ സംസാരിക്കുന്ന മൃഗമാണ്. തന്റെ വാക്സാമർത്ഥ്യത്തിനോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹം പ്രാപിക്കാനും അവന് കഴിയും. (സംസാരിക്കാനുള്ള ശക്തി അല്ലാഹു കൊടുത്തു. സംസാരിക്കുന്നതുകൊണ്ട്, ദുആ ചെയ്യുന്നതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹം പ്രാപിക്കാം.) മറ്റുള്ള വസ്തുക്കൾക്ക് വാക്സാമർത്ഥ്യം നൽകിയിട്ടില്ല. അതുകൊണ്ട് മനുഷ്യന്റെ പ്രാർത്ഥന അവന്റെ മനുഷ്യത്വത്തിന്റെ ഒരു പ്രത്യേകതയാണെന്നത് ഇവിടെ പ്രകടമാകുന്നു. അത് അവന്റെ പ്രകൃതിയിൽ വെക്കപ്പെട്ടിരിക്കുന്നു. എപ്രകാരം അല്ലാഹുവിന്റെ റുബൂബിയ്യത്ത്, റഹ്മാനിയ്യത്ത് എന്നീ മഹനീയഗുണങ്ങളിൽനിന്ന് അനുഗ്രഹം ലഭിക്കുന്നുവോ അപ്രകാരം റുബൂബിയ്യത്ത്, റഹ്മാനിയ്യത്ത് എന്നീ മഹനീയഗുണങ്ങൾ പ്രാർത്ഥന ആവശ്യപ്പെടുന്നില്ല. കാരണം അത് രണ്ടും മനുഷ്യനുമായി മാത്രം ബന്ധപ്പെട്ടതല്ല. എല്ലാ പക്ഷിമൃഗാദികൾക്കും തന്റെ അനുഗ്രഹത്തിൽനിന്ന് അല്ലാഹു നല്കിക്കൊണ്ടിരിക്കുന്നു. എന്നല്ല, റുബൂബിയ്യത്ത് എന്ന സവിശേഷഗുണം എല്ലാ മൃഗങ്ങൾക്കും സസ്യജാലങ്ങൾക്കും ഖരപദാർത്ഥങ്ങൾക്കും ഭൂമിയും ആകാശവുമായി ബന്ധപ്പെട്ട എല്ലാ ഗോളങ്ങൾക്കും അനുഗ്രഹം എത്തിക്കുന്നു. ഒരു വസ്തുവും അവന്റെ അനുഗ്രഹത്തിന് വെളിയിലല്ല. ഇതിന്നെതിരിൽ റഹീമിയ്യത്ത് എന്ന മഹനീയഗുണം മനുഷ്യനുവേണ്ടി മാത്രമുള്ളതാണ്. മനുഷ്യനായിക്കൊണ്ട് ഈ മഹനീയഗുണത്തിൽനിന്ന്

ഫലമെടുക്കുന്നില്ലെങ്കിൽ അത്തരം മനുഷ്യൻ മൃഗങ്ങൾക്കും അചേതനവസ്തുക്കൾക്കും തുല്യനാണ്.

അല്ലാഹു അനുഗ്രഹം പ്രവഹിപ്പിക്കുന്നതിനായി നാല് മഹനീയഗുണങ്ങൾ ഉൾക്കൊള്ളുന്നു. മനുഷ്യന്റെ പ്രാർത്ഥന ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന റഹീമിയ്യത്ത് മനുഷ്യനുവേണ്ടി മാത്രം നിശ്ചയിച്ചിട്ടുള്ളതാണ്. ഇതിൽനിന്ന് ദുആയുമായി ബന്ധപ്പെട്ട ഒരനുഗ്രഹം അല്ലാഹുവിൽ ഉണ്ടെന്ന് വ്യക്തമാണ്. ആ ബന്ധം കൂടാതെ ഒരുവിധത്തിലും അത് കിട്ടുകയില്ല. ഇത് അല്ലാഹുവിന്റെ നടപടിയാണ്. ദൈവികനിയമമാണ്. ഇതിനെ പിന്തള്ളൽ അനുവദനീയമല്ല. പ്രവാചകന്മാർ തങ്ങളുടെ സമുദായത്തിനുവേണ്ടി എപ്പോഴും ദുആ ചെയ്തുകൊണ്ടിരുന്നു. ദുആ മുഖേന തീർച്ചയായും അനുഗ്രഹം ഇറങ്ങുന്നു. അത് നമുക്ക് മോക്ഷം നൽകുന്നു. അതിന്റെ പേര് 'റഹീമിയ്യത്തിന്റെ അനുഗ്രഹം' എന്നാണ്. ഇതിലൂടെ മനുഷ്യൻ പുരോഗതി പ്രാപിച്ചുകൊണ്ടേപോകുന്നു. ഇതേ അനുഗ്രഹത്തിലൂടെ അവൻ വിലായത്തിന്റെ സ്ഥാനം വരെ എത്തുന്നു. നേരിൽ കണ്ട് വിശ്വസിക്കുന്നതുപോലെ അല്ലാഹുവിനെ വിശ്വസിക്കുകയും ചെയ്യുന്നു.

അല്ലാഹു നമുക്ക് അവന്റെ മഹനീയഗുണമായ റഹീമിയ്യത്തിനെക്കുറിച്ച് ശരിയായ അറിവ് നല്കുമാറാകട്ടെ. നമ്മുടെ ജീവിതത്തിൽ അത് നടപ്പിൽ വരുത്തിക്കൊണ്ട് അവന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരായിത്തീരട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്നും ഔദാര്യങ്ങളിൽനിന്നും കൂടുതൽ ഓഹരി നമുക്ക് ലഭിക്കുമാറാകട്ടെ. അനുഗ്രഹത്തിന് പാത്രീഭൂതരായവരിൽ നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 9.2.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala